കാർഡ് അവർക്ക് എല്ലാവിധ ആനുകൂല്യങ്ങൾക്കും ഉപയോഗിക്കാവുന്ന ആധികാരിക രേഖയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതിനു പുറമേ ഇത് സംബന്ധിച്ച അറിയിപ്പ് എല്ലാ വകുപ്പ് അധികാരികൾക്കും 5-3-10-ലെ കത്ത് മുഖേന നല്കി. ഇത് കൂടാതെ കേരള സർക്കാർ ചീഫ് സെക്രട്ടറിയുടെ 3322 / എ2/10/സാക്ഷേവ 31-3-2010-ലെ കത്ത് മുഖേന എല്ലാ വകുപ്പ് അധികാരികൾക്കും ഇപ്പോൾ നൽകിവരുന്ന തിരിച്ചറിയൽ കാർഡ് അംഗീകരിക്കാനും വൈകല്യമുള്ളവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നല്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

വികലാംഗക്ഷേമ കോർപ്പറേഷനിലെ വായ്പകൾ

89 (6248) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്ന് ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് നൽകി വരുന്നത് ;

(ബി) ഈ വായ്പകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം ആണ് ;

(സി) വായ്പകൾ കുടിശ്ശിക വരുത്തിയവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) വികലാംഗക്ഷേമ കോർപ്പറേഷനിലൂടെ എൻ. എച്ച് എഫ്. സി. ഡി വായ്പയെടുക്കുകയും തിരിച്ചടയ്ക്കാൻ കഴിയാതെ വന്നവരുമായ പാവപ്പെട്ട വികലാംഗർക്ക് എന്തെല്ലാം സഹായങ്ങളാണ് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഇ) വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം എടുത്ത കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അവ വിശദമാക്കുമോ ;

(എഫ്) വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്ന് എടുത്ത കാർഷിക വായ്പകളെക്കൂടി കാർഷിക കടാശ്വാസ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരാൻ വകുപ്പ് മുൻകൈ എടുക്കുമോ ?

ഉത്തരം

(എ) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NHFDC) ചാനലൈസിംഗ് ഏജൻസിയാണ് സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ. NHFDC അനുവദിക്കുന്ന വായ്പ തുക കോർപ്പറേഷൻ വികലാംഗർക്ക് ചെറുകിട ബിസിനസ് തുടങ്ങുക, കാർഷിക പ്രവർത്തനങ്ങൾക്ക്/ കമേഴ്സ്യൽ പർപ്പസ്സിന് വാഹനം വാങ്ങുക, സ്വയംതൊഴിൽ കണ്ടെത്തുക, സ്മാൾ ഇൻഡസ്ട്രീസ് യൂണിറ്റ് തുടങ്ങുക, സാങ്കേതിക വിദ്യാഭ്യാസം ചെയ്യുക തുടങ്ങിയവയ്ക്കായി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. 40 ശതമാനമോ അതിലധികമോ വൈകല്യത്തിന്റെ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

2. പ്രായം 18 നും 60 നും മദ്ധ്യേ.

3. വാർഷിക വരുമാന പരിധി നഗര പ്രദേശങ്ങളിൽ 5 ലക്ഷം രൂപയും, ഗ്രാമ പ്രദേശങ്ങളിൽ 3 ലക്ഷം രൂപയുമാണ്.

4. അപേക്ഷകന് തക്കതായ വിദ്യാഭ്യാസം/സാങ്കേതിക തൊഴിൽ യോഗ്യതകൾ/പ്രവൃത്തി പരിചയം/സാഹചര്യങ്ങൾ ഉണ്ടായിരിക്കണം.

5. മതിയായ ജാമ്യം ആവശ്യമാണ്.

6. സാങ്കേതിക വിദ്യാഭ്യാസത്തിന് വായ്പ അനുവദിക്കുന്നതിന് വിദ്യാർത്ഥിയുടെ രക്ഷകർത്താവിന് സ്ഥിര വരുമാനം ഉണ്ടായിരിക്കണം. വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാൻ പാടില്ല. മുൻ പരീക്ഷയിൽ ഏറ്റവും കുറഞ്ഞത് രണ്ടാം ക്ലാസ്സോടെ (50%) പാസ്സായിരിക്കണം.

(സി) സാലറി സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ അനുവദിക്കുന്ന വായ്പകളിൽ വായ്പയെടുത്തയാൾ വായ്പ തുക തിരിച്ചടയ്ക്കാതെ വന്നാൽ ജാമ്യക്കാരന്റെ ശമ്പളത്തിൽനിന്നും റിക്കവറി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നു. വസ്തു ജാമ്യത്തിൽ അനുവദിക്കുന്ന വായ്പകൾ തിരിച്ചടയ്ക്കാതെ വന്നാൽ കോടതിയുടെ സഹായത്താൽ വായ്പ തുക വസൂലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം നൽകാറുണ്ട്. പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള സ്കീം നടപ്പാക്കൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) ഇല്ല.

(എഫ്) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്നും സാമൂഹ്യ സുരക്ഷാ മിഷനിൽ നിയമിച്ച ജീവനക്കാർ

90 (6249) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽനിന്നും എത്ര ജീവനക്കാരെ സാമൂഹ്യ സുരക്ഷാ മിഷനിൽ നിയമിച്ചിട്ടുണ്ട് ; അവരുടെ പേരു വിവരം, തസ്തിക, നിയമന രീതി, ശമ്പളം എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly